കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് – എസ്റ്റാബ്ലിഷ് മെന്റ് - ട്രഷറി വകുപ്പ് - ഉപയോഗ്യശൂന്യമായ വസ്തുക്കളുടെ ഒഴിവാക്കൽ - ഉപവിഭാഗം മേധാവികളുടെ ധനവിനിയോഗ അധികാരപരിധി നിശ്ചയിച്ച് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ (കൈ) നം. 15/2018/ധന തിരുവനന്തപുരം, തീയതി. 08. 01. 2018

പരാമർശം:- 1. ട്രഷറി ഡയറക്ടറുടെ 27.11.17 തീയതിലെ എ 1/23337/2017 നമ്പർ കത്ത്
2. 07.08.17 തീയതിയിലെ സ.ഉ (പി) നം.102/17/ധന

**ഉത്തരവ്**

ട്രഷറി വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകളിലെ ഇലക്ട്രോണിക് പാഴ്വസ്തുക്കൾ (e-waste) ഒഴിവാക്കുന്നതിനുള്ള അധികാരം നിലവിൽ ട്രഷറി ഡയറക്ടറിൽ നിക്ഷിപ്തമാണെന്നും ടി വകുപ്പിലെ സബ്ബ് കൺട്രോളിംഗ് ഓഫീസർമാർക്ക് ഇതിനായി യാതൊരു അധികാരവും നിശ്ചയിച്ച് നൽകിയിട്ടില്ലായെന്നും ആയതു കാരണം e-waste ഒഴിവാക്കുന്നതിന് കാലതാമസം വരുന്നതായും ആയതിനാൽ സബ് ട്രഷറി ഓഫീസർ/സ്റ്റാമ്പ് ഡിപ്പോ ഓഫീസർ, ജില്ലാ ട്രഷറി ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ ഉദ്യോഗസ്ഥർക്ക് ഉപയോഗ്യശൂന്യമായ വസ്തുക്കൾ ഒഴിവാക്കുന്നതിനുള്ള ധനവിനിയോഗ അധികാരം നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2)ലെ ഉത്തരവിന്റെ ഖണ്ഡിക 10 ന്റെ ധനവിനിയോഗ അധികാരപരിധി സബ് ട്രഷറി ഓഫീസർ/സ്റ്റാമ്പ് ഡിപ്പോ ഓഫീസർ, ജില്ലാ ട്രഷറി ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകൾക്ക് താഴെ പട്ടികയിൽ സൂചിപ്പിക്കും വിധം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | ഉപയോഗശൂന്യമായ വസ്തുക്കളുടെ ഒഴിവാക്കലിനുള്ള ധനവിനിയോഗ അധികാരപരിധി |
|---|---|---|
| 1 | സബ്ബ് ട്രഷറി ഓഫീസർ/സ്റ്റാമ്പ് ഡിപ്പോ ഓഫീസർ | ₹25,000/- |
| 2 | ജില്ല ട്രഷറി ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർ | ₹50,000/- |
| 3 | ഡെപ്യൂട്ടി ഡയറക്ടർ | ₹1,00,000/- |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.കാഞ്ചന**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (രഹസ്യ /സ്ട്രീം ലൈനിംഗ്/ബഡ്ജറ്റ് വിങ്ങ്-എ) വകുപ്പുകൾക്ക്
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ടന്റ് ഓഫീസർ